തസ്തികകളിൽ താൽക്കാലികമായി നിലനിർത്താൻ തീരുമാനമെടുത്തിട്ടില്ല. പി.എസ്.സി. നിയമനം തടസ്സപ്പെടുമെന്നതിനാലും ഇതിനോടകം അഡ്വൈസ് ലഭിച്ച അദ്ധ്യാപകർ തന്നെ നിയമനമില്ലാതെ നിൽക്കുന്ന അവസ്ഥയുമുള്ള സാഹചര്യത്തിൽ സ്വകാര്യസ്കൂൾ അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അവാർഡ് തുക സംബന്ധിച്ച് എഴുതിത്തന്നാൽ ഞാനത് പരിശോധിക്കാം.

<u>ശ്രീമതി കെ. കെ. ലതിക:</u> സർ, ഈ വർഷം തന്നെ തുക കൊടുക്കുമോ?

<u>ശ്രീ. പി. കെ. അബു റബ്:</u> സർ, പുതിയ പാക്കേജ് അനുസരിച്ചുള്ള തീരുമാനങ്ങൾ ക്യാബിനറ്റ് എടുത്തിട്ടുണ്ട്. അതിന്റെ ജി.ഒ. ഏതാനും ദിവസങ്ങൾക്കകം ഇറങ്ങിക്കഴിഞ്ഞാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം.

15. ശ്രീമന്ദിരം തകർത്ത സംഭവം

11.42 AM]

<u>ശ്രീ. വർക്കല കഹാർ:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ വർക്കല മുത്താനയിലെ ശ്രീനാരായണ ശ്രീമന്ദിരം 2014 സെപ്റ്റംബർ 21-ാം തീയതി സാമൂഹ്യവിരുദ്ധരാൽ ആക്രമിക്കപ്പെട്ടിരുന്നു. എല്ലാ സാമുദായിക വിഭാഗങ്ങളുമുള്ള ഒരു പ്രദേശമാണ് വർക്കല. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാപനം' എന്ന് എല്ലാ ശ്രീമന്ദിരങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ശ്രീമന്ദിരമാണത്. ഈ ശ്രീമന്ദിരം ആക്രമിച്ചതിന്റെ പേരിൽ നാട്ടുകാരും അവിടത്തെ ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയെ സന്ദർശിച്ച് പരാതി നൽകുകയും ആ പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഡി.ജി.പി.-ക്ക് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തു. പക്ഷെ കാര്യമായ അന്വേഷണം അക്കാര്യത്തിലുണ്ടായില്ല. കാര്യമായ അന്വേഷണമുണ്ടാകാത്ത സാഹചര്യത്തിൽ ലോക്കൽ പോലീസിനെ മാറ്റിനിർത്തി മറ്റ് സംവിധാനങ്ങൾകൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയും അതനുസരിച്ച് ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എല്ലാ ജാതി-മതവിഭാഗങ്ങളുമുള്ള ഒരു പ്രദേശമായതിനാൽ എന്തെങ്കിലും സംഘർഷമുണ്ടായി വർഗ്ഗീയകലാപമായി മാറുന്ന സ്ഥിതിയിലാകുമോയെന്ന് ഭയക്കുകയാണ്. സംഭവമുണ്ടായി പത്തുമാസമായിട്ടും യാതൊരു നടപടിയുമുണ്ടായില്ലെന്നും പ്രതികളെ പിടിച്ചില്ലെന്നുമുള്ള രീതിയിൽ അവിടെയുള്ള ആളുകളും പരാതിക്കാരും ക്ഷുഭിതരാണ്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കാണണം. കുറ്റവാളികളെ കണ്ടെത്തുന്നതിന് ഇപ്പോൾ നമ്മുടെ പോലീസ് വകുപ്പിന് ധാരാളം സംവിധാനങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെക്കാൾ വലിയ കുരുക്കുകളുള്ള കേസ്സുകളിലെ പ്രതികളെപ്പോലും പോലീസ് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് കാര്യക്ഷമമായ ഒരന്വേഷണം നടത്തി പ്രതികളെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.39AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കല്ലമ്പലം പോലീസ് സ്റ്റേഷൻ പരിധിയിലെ മുത്താന ജംഗ്ഷന് സമീപം സ്ഥാപിച്ചിട്ടുള്ള 2019-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖ കെട്ടിടത്തിന്റെ ഗ്ലാസ്സുകൾ 21-9-2014 രാത്രിയിൽ ആരോ കല്ലെറിഞ്ഞ് പൊട്ടിക്കുകയും ഏതാണ്ട് പതിനായിരം രൂപയുടെ നാശനഷ്ടം വരുത്തിയത് സംബന്ധിച്ച് IPC 153 (A), 427 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1359/14 ആയി കല്ലമ്പലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയുമാണ്. ഈ കേസ് കല്ലമ്പലം എസ്. ഐ. അന്വേഷിച്ചുവരവേ ശാസ്ത്രീയമായ തെളിവുകൾ നടത്തിയും സംശയമുള്ളവരുടെ ഫിംഗർ പ്രിന്റുകൾ ശേഖരിച്ച് പരിശോധിച്ചും സംശയിക്കുന്നതായ ആളുകളുടെ മൊബൈൽ ഫോണിലെ വിവരങ്ങൾ പരിശോധിച്ചും കേസ് തെളിയിക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും പ്രതികളെപ്പറ്റി യാതൊരു സൂചനയും ലഭിക്കാത്ത സാഹചര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ 87/ക്യാംപ്/2014 റ്റി. 1-10-2014 പ്രകാരം ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വർക്കല പോലീസ് ഇൻസ്പെക്ടർ, കല്ലമ്പലം പോലീസ് സബ് ഇൻസ്പെക്ടർ, ഒരു എ.എസ്.ഐ., രണ്ട് എസ്.ഇ.പി.ഒ. എന്നിവരുൾപ്പെട്ട ഒരു പ്രത്യേക ടീമിനെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ അന്വേഷണസംഘം സമഗ്രമായ അന്വേഷണം നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തുടർന്ന് അന്വേഷണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ. വർക്കല കഹാറും എസ്.എൻ.ഡി.പി. യോഗം ഭാരവാഹികളും എന്നെ വന്നുകണ്ട് സംസാരിച്ചതിന്റെയടിസ്ഥാനത്തിൽ കേസ് ജില്ലാ ക്രൈം ബ്രാഞ്ചിന് വിടാൻ എ.ഡി.ജി.പി. സൗത്ത് സോണിന് നിർദ്ദേശം നൽകിക്കൊണ്ട് തിരുവനന്തപുരം ജില്ലാ ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തി. അന്വേഷണം രണ്ടുഘട്ടങ്ങളിലായി നടത്തിയെങ്കിലും ആരെയും കണ്ടെത്താൻ കഴിഞ്ഞില്ല. അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്തിരിക്കുകയാണ്. ക്രൈം ബ്രാഞ്ചിനും ഇതുവരെയും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാലും അന്വേഷണം ഊർജ്ജിതമായി നടത്താനുള്ള നിർദ്ദേശം നൽകുന്നതാണ്. പ്രതികളെ വേഗത്തിൽ കണ്ടെത്തണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം. അതനുസരിച്ചുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശം വീണ്ടും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly